**<u>15 -ാം കേരള നിയമസഭ</u>**

**<u>9 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2086</u>** **<u>12-09-2023 - ൽ മറുപടിയ്ക്ക്</u>**

**<u>കായിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കായിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനും കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനത്തിനുമായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | "ഒരു പഞ്ചായത്തിന് ഒരു കളിസ്ഥലം" എന്ന പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി ആദ്യഘട്ടത്തിൽ 113 സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിനായി 31.01.2023ലെ സ.ഉ(സാധാ) നമ്പർ.42/2023/കായുവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. 12.07.2022 തീയതിയിലെ സ.ഉ(അച്ചടി) നം.1/2022കായുവ പ്രകാരം പദ്ധതിക്ക് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ ഫണ്ട് /മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് പദ്ധതിക്ക് തുക കണ്ടെത്തുന്നത്. വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന് പ്രത്യേകം ഭരണാനുമതി പുറപ്പെടുവിക്കുന്നതിനാൽ വിവിധ ഫണ്ടുകൾ ഉൾപ്പെടുത്തി ഒരുമിച്ചുള്ള ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്ന രീതിയിൽ പദ്ധതിയുടെ SOP(Standard Operation Procedure) സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | കായിക മേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി മുഖേന നടന്നു വരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന 58 പദ്ധതികളിൽ 20 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. 15 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയുമാണ്. ബാക്കിയുള്ള 23 പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ആകെയുള്ള 58 പദ്ധതികളിൽ 35 പദ്ധതികൾ കിറ്റ്കോ മുഖാന്തരവും 23 പദ്ധതികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരവും ആണ് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഇത് സംബന്ധിച്ച വിശദാംശം അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (സി) | കായിക വകുപ്പുമായി ബന്ധപ്പെട്ട മുഴുവൻ ഓഫീസുകളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിലേക്കായി ഓഫീസ് കെട്ടിട നിർമ്മാണം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | കായിക വകുപ്പുമായി ബന്ധപ്പെട്ട ഓഫീസുകൾക്കായി കായികഭവൻ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്കായി 2.07.2019ലെ സ.ഉ(കൈ)നം.213/19/റവ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ വഞ്ചിയൂർ താലൂക്കിലെ 29.55 സെൻറ് പുറമ്പോക്ക് ഭൂമിയുടെ കൈവശാവകാശം കായികവകുപ്പിന് നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. കായികഭവന്റെ ആദ്യഘട്ടം നിർമ്മിക്കുന്നതിനായി 16.02.2023ലെ സ.ഉ(ആർ.റ്റി) നം.59/2023/ കായുവ പ്രകാരം 8.5 കോടി രൂപ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

കിഫ്ബി പദ്ധതികൾ

കിറ്റ്കോ മുഖേന ചെയ്യുന്ന പ്രവൃത്തികൾ

| നം | പദ്ധതിയുടെ പേര് | പദ്ധതിയുടെ പുരോഗതി |
|---|---|---|
| 1 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം, കണ്ണൂർ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡീയം, തൃശ്ശൂർ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം, കാസർഗോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | കൊടുമൺ സ്റ്റേഡിയം, പത്തനംതിട്ട | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | പറളി സ്കൂൾ, പാലക്കാട് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്, പാലക്കാട് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 8 | മട്ടന്നൂർ സ്റ്റേഡിയം, കണ്ണൂർ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 9 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം, കണ്ണൂർ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 10 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം, ആലപ്പുഴ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 11 | നടുവണ്ണൂർ വോളീബോൾ അക്കാദമി, കോഴിക്കോട് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 12 | വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്ര സ്റ്റേഡിയം) | പ്രവൃത്തി പൂർത്തീകരിച്ചു. |
| 13 | ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | 92% പ്രവൃത്തി പൂർത്തീകരിച്ചു. |
| 14 | കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം, ഇടുക്കി | 67% പ്രവൃത്തി പൂർത്തീകരിച്ചു. |
| 15 | സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം, വയനാട് | പ്രവൃത്തി പൂർത്തീകരിച്ചു. |

| | | |
|---|---|---|
| 16 | തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം, ഇടവ, തിരുവനന്തപുരം | നിലവിലെ കരാറുകാരൻ പ്രവൃത്തിയുമായി മുന്നോട്ട് പോകാത്ത സാഹചര്യത്തിൽ ടി കരാറുകാരനെ ഒഴിവാക്കി ബാക്കിയുള്ള പ്രവൃത്തികൾ റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 17 | ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം, കൊല്ലം | 70% പ്രവൃത്തി പൂർത്തീകരിച്ചു. |
| 18 | എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം, കാസർഗോഡ് | 65% പ്രവൃത്തി പൂർത്തീകരിച്ചു. |
| 19 | ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം, ആലപ്പുഴ | നിലവിലെ കരാറുകാരൻ പ്രവൃത്തിയുമായി മുന്നോട്ട് പോകാത്ത സാഹചര്യത്തിൽ ടി കരാറുകാരനെ ഒഴിവാക്കി ബാക്കിയുള്ള പ്രവൃത്തികൾ റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 20 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്. പാലക്കാട് | ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ചു. 2-ാം ഘട്ട പ്രവൃത്തി ഏറ്റെടുത്തിരുന്ന കാരാറുകാരന് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ നിലവിലെ കരാർ റദ്ദ് ചെയ്യുന്നതിനും ബാക്കിയുള്ള പ്രവൃത്തികൾ റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 21 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം, കണ്ണൂർ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 22 | താനൂർ സ്റ്റേഡിയം, മലപ്പുറം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 23 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം, കൊല്ലം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 24 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട്, | പ്രവൃത്തി പൂർത്തീകരിച്ചു. |
| 25 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, | പ്രവൃത്തി പുരോഗമിക്കുന്നു. |
| 26 | കണ്ണൂർ പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | പ്രവൃത്തി പുരോഗമിക്കുന്നു. |
| 27 | വടകര ഇൻഡോർ സ്റ്റേഡിയം. കോഴിക്കോട് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 28 | ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം | പ്രവൃത്തി പൂർത്തീകരിച്ചു. |

| | | |
|---|---|---|
| 29 | നെടുങ്കണ്ടം സ്റ്റേഡിയം, ഇടുക്കി | പ്രവൃത്തി പൂർത്തീകരിച്ചു. |
| 30 | പടിയൂർ ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ | പ്രവൃത്തി പുരോഗമിക്കുന്നു. |
| 31 | കോതമംഗലം ചേലാട് സ്റ്റേഡിയം, എറണാകുളം | ടി പ്രവൃത്തിയ്ക്കായി നിർദ്ദേശിച്ച സ്ഥലം വെറ്റ് ലാന്റ് ആയതിനാൽ ലാന്റ് തരംമാറ്റുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചുവരുന്നു. |
| 32 | പുല്ലൂരാംമ്പാറ തിരുവമ്പാടി, കോഴിക്കോട് | പ്രവൃത്തി പുരോഗമിക്കുന്നു. |
| 33 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാം ഘട്ടം | നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| 34 | ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം, കോട്ടയം | ടി പദ്ധതി 2021ൽ പൂർത്തീകരിച്ചെങ്കിലും ശേഷം ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫ്ളോറിംഗിൽ വിള്ളലുകളുണ്ടാകുന്ന സ്ഥിതി വിശേഷമുണ്ടായി. പ്രസ്തുത അപാകതകൾ പരിഹരിച്ച് സ്റ്റേഡിയം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 35 | നിലമ്പൂർ മിനി സ്റ്റേഡിയം, മലപ്പുറം | ആദ്യഘട്ട പ്രവൃത്തികൾ കിറ്റ്കോ മുഖാന്തരം പൂർത്തിയാക്കിയിട്ടുണ്ട്. |

## സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ചെയ്യുന്ന പ്രവൃത്തികൾ

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ പുരോഗതി |
|---|---|---|
| 1 | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ്, മലപ്പുറം | ഡി പി ആർ തയ്യാറാക്കുന്ന നടപടികൾ നടന്നുവരുന്നു. |
| 2 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | ടെണ്ടറിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 3 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് അരൂർ, ആലപ്പുഴ | ഡി പി ആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 4 | തിരൂർ ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം | ധാരണാപത്രത്തിലെ നിബന്ധനകൾക്ക്മേൽ ഭേദഗതി ആവശ്യപ്പെട്ട് നഗരസഭ നാളിതുവരെ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടില്ല. |
| 5 | സൂസൻ മേബിൽ തോമസ് ഇൻഡോർ സ്റ്റേഡിയം, കോട്ടയം | ധാരണാപത്രം മുനിസിപ്പാലിറ്റി ഒപ്പുവച്ചിട്ടില്ല. |
| 6 | മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം, മലപ്പുറം | നോൺ-പി എം.സി അക്രെഡിറ്റഡ് ഏജൻസിയെ എൽപ്പിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. |
| 7 | ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, പത്തനംതിട്ട | സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിയിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 8 | ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് | സ്ഥലം ലഭ്യമായിട്ടില്ല. |
| 9 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | ഇൻഡോർ നിർമ്മിക്കുന്നതിനുള്ള സ്ഥല പരമിതി നിലനിൽക്കുന്നതിനായി എം.എൽ.എ / മന്ത്രി തലത്തിൽ തീരുമാനം എടുക്കേണ്ടതാണ്. |
| 10 | അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് ഗ്രൗണ്ട്, അലപ്പുഴ | കോളേജ് അധികൃതർ ധാരണാപത്രത്തിൽ ഏർപ്പെടാത്ത സൗഹചര്യത്തിൽ ടി പദ്ധതി അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ നിന്നും റ്റി ഡി മെഡിക്കൽ കോളേജിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 11 | മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ്, പാലക്കാട് | ഡി പി ആർ തയ്യാറാക്കുന്ന നടപടികൾ നടന്നുവരുന്നു. |

| | | |
|---|---|---|
| 12 | ഫറൂഖ് ഗണപതി സ്കൂൾ, കോഴിക്കോട് | സ്ഥലം ലഭ്യമായിട്ടില്ല. |
| 13 | മട്ടന്നൂർ സ്വിമ്മിംഗ് പൂൾ, കണ്ണൂർ | ജലസേചന വകുപ്പിൽ നിന്നും ഭൂമി കൈമാറി ലഭിക്കേണ്ടതുണ്ട്. |
| 14 | തൃശ്ശൂർ അക്വാട്ടിക് കോപ്ലക്സ് | പദ്ധതി കുന്നകുളം ജി വി എച്ച് എസ് സ്പോർട്ട്സ് ഡിവിഷന് അനുബന്ധമായി നിർമ്മിക്കുന്നതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| 15 | ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം, എറണാകുളം | പദ്ധതിരേഖ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| 16 | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ | മുണ്ടായാട് സ്റ്റേഡിയത്തിലെ സ്ഥല പരമിതി മൂലം കണ്ണൂർ ജവഹർ സ്റ്റേഡിയവുമായി ബന്ധപ്പെട്ട് കണ്ണൂർ നഗരസഭ ധാരണാപത്രത്തിൽ ഏർപ്പെടാത്ത സാഹചര്യത്തിൽ ഈ രണ്ട് പദ്ധതികളും ചേർത്ത് കണ്ണൂർ കിലാ കാമ്പസിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| 17 | കണ്ണൂർ ജവഹർ സ്റ്റേഡിയം | |
| 18 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | പുതുക്കിയ പദ്ധതിരേഖ കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 19 | ജി.വി. രാജ സെന്റർ ഫോർ എക്സലൻസ്, തിരുവനന്തപുരം | മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. |
| 20 | ആലപ്പുഴ റോവിംഗ് ട്രാക്ക് | ഭൂമി ഏറ്റെടുക്കുന്ന നടപടി നടന്നുവരുന്നു. |
| 21 | കെ.കെ.പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം, പാലക്കാട് | സ്ഥലം ലഭ്യമായിട്ടില്ല. |
| 22 | കാഞ്ഞിരപ്പള്ളി കുന്നംഭാഗം ഗവ.ഹൈ സ്കൂൾ, കോട്ടയം | ഡി പി ആർ തയ്യാറാക്കിയിട്ടുണ്ട്. |
| 23 | നിലമ്പൂർ മിനി സ്റ്റേഡിയം, മലപ്പുറം | ആദ്യഘട്ട പ്രവൃത്തികൾ കിറ്റ്കോ മുഖാന്തരം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി പ്രവൃത്തിയുമായി നിലവിലെ കരാറുകാരൻ മുന്നോട്ട് പോകാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ടി കരാറുകാരനെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള ഫോർക്ലോഷർ എഗ്രിമെന്റ് കിഫ്ബിയിൽ |

| | | |
|---|---|---|
| | | അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി പ്രവൃത്തികൾ **സ്പോർട്സ് കേരള ഫൗണ്ടേഷൻ** മുഖാന്തരം **നടപ്പിലാക്കുന്നതിനുള്ള** നടപടികൾ സ്വീകരിക്കുന്നതാണ്. |

Rajesh Pillai
സെക്ഷൻ ഓഫീസർ